പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2502 **27-10-2026-ൽ മറുപടിയ്ക്ക്**

<u>രോഗബാധിതരായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളാൻ നടപടി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. ബിനിമോൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തതിനുശേഷം മാരക രോഗങ്ങൾ പിടിപെട്ട് തൊഴിൽ ചെയ്യാൻ സാധിക്കാത്ത ബി.പി.എൽ. കാരുടെ വായ്പ എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ;

<u>മറുപടി:</u> സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയിൽ തിരിച്ചടവ് മുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർ, മരണപ്പെട്ടവർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നിങ്ങനെയുള്ള വിഭാഗത്തിൽ ഉൾപ്പെട്ടവർക്കു കൂടി ആശ്വാസം നല്കുന്നതിനായാണ് "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആശ്വാസ് 2026" ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരമുള്ള ഗുണഫലങ്ങൾ അർഹരായ എല്ലാ സഹകാരികളിലേക്കും എത്തിക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുമായി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികളിലേക്ക് അതാത് നിയമസഭ/ പാർലമെന്റ് അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചും സംഘം, താലൂക്ക്, ജില്ലാ, സംസ്ഥാനതല കമ്മിറ്റികൾക്ക് അനുവദിക്കാവുന്ന ഇളവുകൾ പുനർനിർണ്ണയിച്ചുകൊണ്ടും "ആശ്വാസ്" പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കിയിരുന്നു. ഇതിലൂടെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നവർ, ഗുരുതര രോഗം ബാധിച്ചവർ, കുടുംബത്തിലെ മരണങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ വായ്പ തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായി വായ്പാ ബാധ്യതയിൽപ്പെട്ട സഹകാരികൾക്ക് പലിശയിൽ ഇളവുകളോടെ വായ്പകൾ ഒന്നായും തവണകളായും അടച്ചു തീർക്കുന്നതിനും അതിദാരിദ്ര്യ സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടവരുടെ 1 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശ പൂർണ്ണമായും 1 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ 50% ഇളവിലൂടെയും വായ്പ കുടിശ്ശിക അടച്ചു തീർക്കുന്നതിനും വായ്പക്കാർക്ക് അവസരം നൽകിയിട്ടുണ്ട്. അതോടൊപ്പം പദ്ധതി കാലയളവിൽ ജപ്തി-ലേല നടപടികളും നിർത്തി വച്ചിരുന്നു.

(ബി) പ്രത്യേകിച്ച് നിർധനരായ വിധവകളുടെ വായ്പകൾ എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> നിക്ഷേപകരിൽ നിന്നും നിക്ഷേപം സ്വീകരിച്ച് ടി തുക ഉപയോഗിച്ച് വായ്പ നൽകുന്ന സ്ഥാപനമാണ് സഹകരണ സംഘങ്ങൾ. നിക്ഷേപകർക്ക് പലിശ ഉൾപ്പെടെ നിക്ഷേപം തിരികെ നൽകണമെങ്കിൽ വായ്പാ തിരിച്ചടവ് അനിവാര്യമാണ്. അതിനാൽ വായ്പ എഴുതി തള്ളണം എന്ന

ആവശ്യം പരിഗണിക്കാൻ നിർവഹാമില്ലാത്തതാണ്. എന്നിരുന്നാലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2026" പ്രകാരം ഗുരുതര രോഗം ബാധിച്ചവർ, മരണപ്പെട്ടവർ, കുടുംബത്തിലെ മരണങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ വായ്പാ തിരിച്ചടവ് മുടങ്ങിയ സഹകാരികൾക്ക് ടി പദ്ധതി പ്രകാരം പലിശയിൽ ഇളവുകൾ ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ